150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM
विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നമ്പർ. 27384/AD A3/4/ADMIN/ADMIN തീയതി: 03.10.2019

പ്രിയദർശിനി ഹിൽസ്

**<u>സർക്കുലർ</u>**

വിഷയം:- ഭരണ വിഭാഗം - ഇന്ററാക്റ്റീവ് മ്യൂസിയം ഓഫ് കൾച്ചറൽ ഹിസ്റ്ററി ഓഫ് കേരള ( കേരള മ്യൂസിയം ) എന്ന സ്ഥാപനത്തെ സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള എല്ലാ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും മ്യൂസിയം പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസി ആയി നിയമിച്ച് സർക്കാർ ഉത്തരവായത് - സംബന്ധിച്ച്.

സൂചന :- സ.ഉ.(കൈ)നം. 16/2019/സാം.കാ.വ. തീയതി, 04.06.2019

കേരളത്തിലെ മ്യൂസിയം മേഖല ആധുനികവൽക്കരിക്കുക എന്ന ലക്ഷ്യത്തോടെ കേരള സർക്കാർ രൂപം നൽകിയ സ്ഥാപനമാണ് ഇന്ററാക്റ്റീവ് മ്യൂസിയം ഓഫ് കൾച്ചറൽ ഹിസ്റ്ററി ഓഫ് കേരള IMCK (കേരളം മ്യൂസിയം). IMCK യുടെ ഈ മേഖലയിലെ വൈദഗ്ധ്യം കണക്കിലെടുത്ത് കേരള സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ള വിവിധ മ്യൂസിയങ്ങളുടെ പുനരുദ്ധാരണത്തിന്റെയും പുതിയ മ്യൂസിയങ്ങൾ സ്ഥാപിക്കുന്നതിന്റെയും ചുമതലയുള്ള നോഡൽ ഏജൻസി ആയി പ്രഖ്യാപിച്ചിരുന്നു. നാളിതുവരെ കേരളം മ്യൂസിയം അതിന്റെ സേവനങ്ങൾ സാംസ്കാരിക വകുപ്പിൽ മാത്രം പരിമിതപ്പെടുത്തി മ്യൂസിയം വകുപ്പിന്റെയും, പുരാവസ്തു സംരക്ഷണം, പുരാരേഖാ വകുപ്പിന്റെയും അധീനതയിൽ മ്യൂസിയങ്ങൾ സ്ഥാപിക്കുകയും നിലവിലുള്ളവ നവീകരിച്ച് വരികയുമാണ്.

കോഴിക്കോട്, കണ്ണൂർ സർവ്വകലാശാലകൾ ഉൾപ്പെടെ വിവിധ വകുപ്പുകളിൽ മ്യൂസിയങ്ങൾ സ്ഥാപിക്കുന്നതിനും നിലവിലുള്ള മ്യൂസിയങ്ങൾ നവീകരിക്കുന്നതിനും ആവശ്യമായ സേവനങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നിരവധി അപേക്ഷകൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഇന്ററാക്റ്റീവ് മ്യൂസിയം ഓഫ് കൾച്ചറൽ ഹിസ്റ്ററി ഓഫ് കേരള (കേരള മ്യൂസിയം) എന്ന സ്ഥാപനത്തെ സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള എല്ലാ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും മ്യൂസിയങ്ങൾ സജ്ജീകരിക്കുന്നതിനുള്ള നോഡൽ ഏജൻസിയായി നിയമിച്ച് പരാമർശം പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്ന വിവരം സർവകലാശാലയിലെ എല്ലാ ഡിപ്പാർട്മെന്റുകളുടെയും സ്കൂളുകളുടെയും സെന്ററുകളുടെയും സെക്ഷനുകളുടെയും അറിവിലേക്കായി പ്രസിദ്ധപ്പെടുത്തുന്നു.

**പ്രേംകുമാർ ആർ**
അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)

സ്വീകർത്താവ്

പകർപ്പ് :

1. എല്ലാ വിഭാഗങ്ങൾക്കും ഡിപ്പാർട്ടുമെന്റുകൾക്കും സെന്ററുകൾക്കും
2. വി.സി./പി.വി.സി. എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/എഫ്.ഒ./സി.ഇ. എന്നിവരുടെ പേർസണൽ അസ്സിസ്റ്റന്റുമാർ
4. ജോയിന്റ് ഡയറക്ടർ,കെ.എസ്.എ.ഡി., മഹാത്മാഗാന്ധി സർവകലാശാല
5. എ.ആർ/ഡി.ആർ./ജെ.ആർ (ഭരണം/അക്കാഡമിക്/പരീക്ഷ/ഫിനാൻസ്)
6. പി.ആർ.ഒ /ഐ.ക്യു.എ.സി./സി.എം.എസ് ( വെബ്സൈറ്റിൽ അപ്ലോഡ് ചെയ്യുന്നതിനായി)
7. സ്റ്റോക്ക് ഫയൽ / റെക്കോർഡ്സ് സെക്ഷൻ/ ഫയൽ കോപ്പി

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #1 of File 27384/AD A3/4/2019/ADMIN Approved by ASSISTANT REGISTRAR I (ADMIN) on 03-Oct-2019 11:56 PM - Page 1

Draft #1 of File 27384/AD A3/4/2019/ADMIN Approved by ASSISTANT REGISTRAR I (ADMIN) on 03-Oct-2019 11:56 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം